കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# കാർഷികോത്പന്നം
# (തരംതിരിക്കലും ചിഹ്നമിടലും)
# ആക്റ്റ്, 1937

(1937-ലെ 1)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരളാ ഗവൺമെൻറ് പ്രസ് സൂപ്രണ്ട്,
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

0-50

വില :

കേന്ദ്രഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കാർഷികോത്പന്നം (തരം തിരിക്കലും ചിഹ്നമിടലും) ആക്റ്റ്, 1937

(1937-ലെ 1)

യൂണിയൻ ഗവൺമെൻറിനുവേണ്ടി
കേരളാ ഗവൺമെൻറ് പ്രസ് സൂപ്രണ്ട്,
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

0-50

©
കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കാർഷികോത്പന്നം (തരംതിരിക്കലും ചിഹ്നമിടലും) ആക്റ്റ്, 1937

## (1937-ലെ 1)

കാർഷികോത്പന്നവും മറ്റ് ഉത്പന്നവും തരം തിരിക്കുന്നതിനും ചിഹ്നമിടുന്നതിനും വ്യവസ്ഥ ചെയ്യാനുള്ള ആക്റ്റ്.

[1937 ഫെബ്രുവരി, 21.]

കാർഷികോത്പന്നവും മറ്റ് ഉത്പന്നവും തരം തിരിക്കുന്നതിനും ചിഹ്നമിടുന്നതിനും വ്യവസ്ഥ ചെയ്യുന്നത് സമീചീനമായിരിക്കയാൽ; ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—(1) ഈ ആക്റ്റിന്, കാർഷികോത്പന്നം (തരം തിരിക്കലും ചിഹ്നമിടലും) ആക്റ്റ്, 1937 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. വിശദീകരണങ്ങൾ.—ഈ ആക്റ്റിൽ വിഷയത്തിൽ നിന്നോ സന്ദർഭത്തിൽ നിന്നോ വിപരീതമായത് കാണാത്തപക്ഷം,—

(ക) "കാർഷികോത്പന്ന"ത്തിൽ, കൃഷിയുടേയോ തോട്ടക്കൃഷിയുടേയോ എല്ലാ ഉത്പന്നവും പൂർണ്ണമായോ ഭാഗികമായോ അങ്ങനെയുള്ള ഉത്പന്നത്തിൽ നിന്ന് നിർമ്മിക്കപ്പെടുന്ന എല്ലാ ഭക്ഷ്യ സാധനങ്ങളും അല്ലെങ്കിൽ പാനീയങ്ങളും, കൂടാതെ മൃഗങ്ങളുടെ രോമവും ചർമ്മവും ഉൾപ്പെടുന്നതാകുന്നു.

(ഖ) "കപടാനുകരണം നടത്തുക" എന്നതിന്, ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 28-ാം വകുപ്പ് ആ വാക്കിന് നല്കുന്ന അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(ഗ) "കവറിങ്ങി"ൽ, ഏതെങ്കിലും പാത്രമോ പെട്ടിയോ ക്രേറ്റോ റാപ്പറോ തട്ടമോ, മറ്റു പേടകമോ ഉൾപ്പെടുന്നതാകുന്നു.

(ഘ) "തരം തിരിക്കൽ സംജ്ഞ"യ്ക്ക്, ഏതെങ്കിലും പട്ടിക സാധനത്തിന്റെ ക്വാളിറ്റിയുടെ സൂചകമായി നിർണ്ണയിക്കപ്പെടുന്ന സംജ്ഞ എന്നർത്ഥമാകുന്നു.

(ങ) "തരം തിരിക്കൽ സംജ്ഞാ ചിഹ്ന"ത്തിന്, ഒരു പ്രത്യേക തരംതിരിക്കൽ സംജ്ഞയെ പ്രതിനിധാനം ചെയ്യുന്നതിന് നിർണ്ണയിപ്പെടുന്ന ചിഹ്നം എന്നർത്ഥമാകുന്നു.

(ച) "ക്വാളിറ്റി"യിൽ, ഏതെങ്കിലും സാധനം സംബന്ധിച്ച്, ആ സാധനത്തിന്റെ സ്ഥിതിയും അവസ്ഥയും ഉൾപ്പെടുന്നു.

(ഛ) "നിർണ്ണയിക്കപ്പെടുന്ന" എന്നാൽ, ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന, എന്നർത്ഥമാകുന്നു.

(ജ) "പട്ടികസാധന"ത്ത , പട്ടികയിൽ ഉൾപ്പെടുന്ന സാധനം എന്നർത്ഥമാകുന്നു.

S/4423/S

(ഥ) ഒരു സാധനം തന്നെ തരംതിരിക്കൽ സംജ്ഞാ ചിഹ്നം കൊണ്ട് ചിഹ്നമിടുകയോ, അല്ലെങ്കിൽ ആ സാധനം അടങ്ങുന്ന ഏതെങ്കിലും കവറിങ്ങിൻമേലോ, ആ സാധനത്തോടു ബദ്ധമായ ലേബലിൻമേലോ അപ്രകാരം ചിഹ്നം ഇടുകയോ ചെയ്യുന്നുവെങ്കിൽ, ആ സാധനം തരംതിരിക്കൽ സംജ്ഞാ ചിഹ്നം കൊണ്ട് ചിഹ്നം ഇടപ്പെട്ടതായി പറയപ്പെടുന്നു.

3. <u>തരംതിരിക്കൽ സംജ്ഞകൾ നിർണ്ണയിക്കൽ.</u>—കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയുള്ള മുൻ പ്രസിദ്ധപ്പെടുത്തലിനു ശേഷം,—

(ക) ഏതെങ്കിലും പട്ടിക സാധനത്തിൻെറ ക്വാളിററി സൂചിപ്പിക്കാൻ തരംതിരിക്കൽ സംജ്ഞകൾ നിജപ്പെടുത്തുന്നതും;

(ഖ) ഏതൊരു തരംതിരിക്കൽ സംജ്ഞയും സൂചിപ്പിക്കുന്ന ക്വാളിററി നിർവ്വചിക്കുന്നതും;

(ഗ) പ്രത്യേക തരംതിരിക്കൽ സംജ്ഞകൾ പ്രതിനിധാനം ചെയ്യാൻ, തരംതിരിക്കൽ സംജ്ഞാ ചിഹ്നങ്ങൾ വിനിർദ്ദേശിക്കുന്നതും;

(ഘ) ഏതൊരു സാധനം സംബന്ധിച്ചാണോ തരംതിരിക്കൽ സംജ്ഞാ ചിഹ്നം നിർണ്ണയിക്കപ്പെട്ടിട്ടുള്ളത്, ആ സാധനമോ അങ്ങനെയുള്ള സാധനം അടങ്ങുന്ന ഏതെങ്കിലും കവറിങ്ങോ അതോടു ബദ്ധമായ ഏതെങ്കിലും ലേബലോ നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും ഉപാധികൾക്കു വിധേയമായി, അങ്ങനെയുള്ള ചിഹ്നം കൊണ്ട് ചിഹ്നമിടാനായി ഒരാളേയോ, ആളുകളുടെ നികായത്തെയോ പ്രാധികാരപ്പെടുത്തുന്നതും;

(ങ) ചിഹ്നം ഇടുന്ന രീതിയും, സാധനം പായ്ക്ക് ചെയ്യേണ്ട രീതിയും ഉപയോഗിക്കപ്പെടേണ്ട കവറിങ്ങിൻെറ മാതൃകയും, ഓരോ കവറിങ്ങിലും തൂക്കമനുസരിച്ചോ എണ്ണമനുസരിച്ചോ മററു വിധത്തിലോ ഉൾക്കൊള്ളേണ്ട പരിമാണവും സംബന്ധിച്ച ഉപാധികൾ ഉൾപ്പെടെ ഏതെങ്കിലും സാധനം സംബന്ധിച്ച് (ഘ) ഖണ്ഡത്തിൽ പരാമർശിക്കുന്ന ഉപാധികൾ വിനിർദ്ദേശിക്കുന്നതും;

(ച) തരംതിരിക്കൽ സംജ്ഞാചിഹ്നം ഉണ്ടാക്കുന്നതിന് ആവശ്യമായ ഏതെങ്കിലും ഉപകരണത്തിൻെറ നിർമ്മാണമോ ഉപയോഗമോ അല്ലെങ്കിൽ തരംതിരിക്കൽ സംജ്ഞാചിഹ്നം കൊണ്ട് ചിഹ്നമിട്ട ഏതെങ്കിലും കവറിങ്ങിൻേറയോ ലേബലിൻേറയോ നിർമ്മാണമോ ഉപയോഗമോ, അല്ലെങ്കിൽ തരംതിരിക്കൽ സംജ്ഞാ ചിഹ്നം കൊണ്ട് ചിഹ്നമിടുന്ന സാധനങ്ങളുടെ സാമ്പിൾ പരീക്ഷണവും പരിശോധനയും ഉൾപ്പെടെ, അങ്ങനെയുള്ള സാധനങ്ങളുടെ ക്വാളിററി നിയന്ത്രണത്തിനുള്ള നടപടികളോ അല്ലെങ്കിൽ അങ്ങനെയുള്ള ഏതെങ്കിലും തരം സാധനങ്ങളുടെ വില്പന അഭിവൃദ്ധിപ്പെടുത്താൻ നടത്തുന്ന ഏതെങ്കിലും പ്രസിദ്ധീകരണ പ്രവർത്തനമോ സംബന്ധിച്ച് നേരിടുന്ന ഏതെങ്കിലും ചെലവുകൾ കൊടുക്കാൻ വ്യവസ്ഥ ചെയ്യുന്നതും;

(ഛ) തരംതിരിക്കൽ സംജ്ഞാചിഹ്നം കൊണ്ടും നിർണ്ണയിക്കപ്പെടുന്ന ഉപാധികൾക്ക് അനുസൃതമായുമല്ലാതെ ചിഹ്നമിടുന്ന ഉത്പന്നത്തിൻെറ കണ്ടുകെട്ടലിനും വ്യയനത്തിനും വ്യവസ്ഥ ചെയ്യുന്നതും,

ആയ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

4. <u>തരംതിരിക്കൽ സംജ്ഞാ ചിഹ്നം കൊണ്ടുള്ള പ്രാധികൃതമല്ലാത്ത ചിഹ്നം ഇടലിനുള്ള ദണ്ഡനം.</u>—ഏതെങ്കിലും പട്ടിക സാധനം, തരംതിരിക്കൽ സംജ്ഞാചിഹ്നം കൊണ്ടു ചിഹ്നമിടാൻ 3-ാം വകുപ്പിൻ കീഴിലുണ്ടാ

ക്കുന്ന ചട്ടത്താൽ പ്രാധികാരപ്പെടുത്തപ്പെട്ടിട്ടില്ലാതിരിക്കെ, അപ്രകാരം ചെയ്യുന്ന ഏതൊരാളും, അഞ്ഞൂറു രൂപയോളമാകാവുന്ന പിഴ ശിക്ഷ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

5. തരംതിരിക്കൽ സംജ്ഞാചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നതിനുള്ള ദണ്ഡനം.—തരംതിരിക്കൽ സംജ്ഞാചിഹ്നത്തിന്റെ ഏതെങ്കിലും കപടാനുകരണം നടത്തുകയോ, അല്ലെങ്കിൽ തരംതിരിക്കൽ സംജ്ഞാചിഹ്നത്തിന്റെ കപടാനുകരണം നടത്തുന്നതിനുവേണ്ടി ഏതെങ്കിലും അച്ചോ പ്ലേററോ മററു ഉപകരണമോ കൈവശം വച്ചിരിക്കുകയോ ചെയ്യുന്ന ഏതൊരാളും രണ്ടു വർഷത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടും കൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

6. ആക്ററിന്റെ ബാധകത വ്യാപിപ്പിക്കൽ.—കേന്ദ്ര ഗവൺമെൻറിന്, പട്ടികയിൽ ഉൾപ്പെടാത്ത ഒരു കാർഷികോത്പന്നത്തിന്നോ കാർഷികോത്പന്നമല്ലാത്ത ഒരു സാധനത്തിന്നോ, ഈ ആക്ററിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണെന്ന്, ഏതു താത്പര്യങ്ങളേയാണോ അത് ബാധിക്കാനിടയുള്ളത്, ആ താത്പര്യങ്ങളുമായി യുക്തമെന്നു തോന്നുന്ന ആലോചന നടത്തിയതിനു ശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രഖ്യാപിക്കാവുന്നതും, അങ്ങനെയുള്ള വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതോടെ, അങ്ങനെയുള്ള സാധനം പട്ടികയിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതും ആകുന്നു.

## പട്ടിക

[2-ാം വകുപ്പു നോക്കുക]

1. കായ്കനികൾ
2. പച്ചക്കറികൾ
3. മുട്ടകൾ
4. ക്ഷീരോത്പന്നങ്ങൾ
5. പുകയില
6. കാപ്പി
7. തുകലുകളും ചർമ്മങ്ങളും
8. കായ്കനി ഉത്പന്നങ്ങൾ
9. ധാന്യമാവ്
10. എണ്ണക്കുരുക്കൾ
11. സസ്യ എണ്ണകൾ (ഹൈഡ്രോജനേററഡ്— എണ്ണയും സസ്യക്കൊഴുപ്പുകളും ഉൾപ്പെടെ)
12. പരുത്തി
13. അരി
14. അരക്ക്
15. ഗോതമ്പ്
16. കാട്ടുചണം
17. കരിമ്പ് ഗുർ (ശർക്കര)
18. കടുക്ക
19. ബുറ
20. കമ്പിളിയും കോലാട്ടിൻ രോമവും
21. പരുക്കൻ രോമം
22. കുന്തിരിക്കവും ടർപെൻറയിനും
23. അടയ്ക്ക

24. ബാഷ്പശീലതൈലം
25. കശുവണ്ടി
26. ഏലം
27. കുരുമുളക്
28. ഇഞ്ചി
29. തേൻ
30. കറിയ്ക്കുള്ള പൊടി
31. ഇലവ്
32. അസംസ്കൃത ചണം
33. നെല്ല്
34 ചോളം
35. മെസ്റ്റാ
36. മുളക്
37. മഞ്ഞൾ
38. മരച്ചീനി നുറുക്കും മരച്ചീനി മാവും
39. ബിലാത്തിക്കൈതനാരും അലോനാരും
40. പിണ്ണാക്ക്
41. വ്യഞ്ജനവും സുഗന്ധദ്രവ്യങ്ങളും (ഈ ആക്ററിലെ വ്യവസ്ഥകൾ നേരത്തെ തന്നെ ബാധകമാക്കിയിട്ടുള്ള കുരുമുളക് ഇഞ്ചി, കശുവണ്ടി, ഏലം, മുളക്, മഞ്ഞൾ എന്നിവ ഒഴികെ)
42. പയർ വർഗ്ഗ ധാന്യങ്ങൾ
43. അക്ഷോടം (വാൽനട്ട്)
44. ആനിമൽ കേസിങ്ങ്സ് (കന്നുകാലി, പോത്ത്, ചെമ്മരിയാട്, വെള്ളാട്, പന്നി എന്നിവ)
45. ഗുവാർ പശ
46. കരയാ പശ
47. ചിന്നാമുക്കിയിലയും ശിംബയും
48. പന നാര്
49. അടയ്ക്കാ സത്ത്
50. തിന്ദു ഇല
51. വാട്ടർ ചെസ്ററ് നട്ട്
52. കുമിൾ
53. പോപ്പിക്കുരു
54. കശുവണ്ടി തോട്ടെണ്ണ (ദ്രാവകം)
55. തേൻ മെഴുക്
56. കടല
57. ജോവർ
58. മേയ്സ്
59. ബാർലി
60. കൂവരക്
61. ബജ്റാ
62. ചീവക്കാപൊടി